പദ്ധതിച്ചെലവുകൾ

21 (409) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ വിവിധ പദ്ധതികൾക്കായി എത്ര കോടി രൂപ 1999-2000, 2000-2001 വർഷത്തിലേക്ക് നൽകി ;

(ബി) ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു ; ഇനി എത്ര ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ)

വർഷം	കേന്ദ്ര വിഹിതം
1999-2000	873.80 കോടി രൂപ
2000-2001	736.63 കോടി രൂപ

കേന്ദ്ര വിഹിതം 736.63 കോടി രൂപയാണ്. നടപ്പു വർഷം ലഭിച്ച തുകയുടെ കണക്ക് മാർച്ച് മാസത്തിനുശേഷമേ ലഭ്യമാകൂ.

(ബി) ഓരോ വർഷത്തിലെയും ചെലവ് മൊത്തത്തിൽ ആണ് കണക്കാക്കുന്നത്. സംസ്ഥാന വിഹിതത്തിലും കേന്ദ്ര വിഹിതത്തിലും പ്രത്യേകം പ്രത്യേകമുള്ള ചെലവിന്റെ കണക്ക് ലഭ്യമല്ല. എങ്കിലും കേന്ദ്രത്തിൽ നിന്നും കിട്ടിയ മുഴുവൻ തുകയും ചെലവഴിക്കുന്നതാണ്.

പബ്ലിക് അക്കൗണ്ട്സ്

22 (410) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് അക്കൗണ്ടിലെ തുക തിരിച്ച് കൊടുക്കുവാൻ ഗവൺമെന്റ് ബാധ്യസ്ഥമാണോ ;

(ബി) 2000 ഡിസംബർ 31 ന് പബ്ലിക് അക്കൗണ്ട്സിൽ ആകെ എത്ര തുക ഉണ്ടായിരുന്നു ;

(സി) ഇതിൽ സഹകരണ ബാങ്കുകൾ നിക്ഷേപിച്ച തുക എത്രയെന്ന് പറയുമോ ?

ഉത്തരം

(എ) ഗവൺമെന്റ് ബാധ്യസ്ഥമാണ്.

(ബി) 31-12-2000-ൽ ട്രഷറി പബ്ലിക് അക്കൗണ്ട്സിൽ 9,68,10,49,096 രൂപ ഉണ്ടായിരുന്നു.

(സി) സഹകരണ ബാങ്കുകൾ നിക്ഷേപിച്ച തുക 2,98,29,88,513 രൂപ ആണ്.

LIBRARY ARCHIVES Kerala Legislative Assembly